വനം വകുപ്പിൽ വാച്ചർമാരായിട്ടുള്ള പട്ടികവർഗ്ഗക്കാർ

277 (3099) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ വാച്ചർമാരായി എത്ര പട്ടികവർഗ്ഗക്കാർ ജോലി നോക്കുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇവർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയായി നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മുടക്കം കൂടാതെ എല്ലാ മാസവും ഇവർക്ക് വേതനം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ വാച്ചർമാരായി നിലവിൽ ജോലി നോക്കിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

ജില്ല	സ്ഥിരം തസ്തികയിൽ	ദിവസവേതന അടിസ്ഥാനത്തിൽ
തിരുവനന്തപുരം	20	51
കൊല്ലം	40	20
പത്തനംതിട്ട	50	10
കോട്ടയം	20	4
ഇടുക്കി	220	256
എറണാകുളം	10	4
തൃശ്ശൂർ	50	15
പാലക്കാട്	117	174
മലപ്പുറം	20	23
കോഴിക്കോട്	10	7
വയനാട്	120	110
കണ്ണൂർ	17	40
കാസർഗോഡ്	3	5
ആകെ	697	719

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥിരം തസ്തികയിലെ വാച്ചർമാർക്ക് 8500-13210 രൂപ ശമ്പള സ്കെയിലിൽ അനുവദനീയമായ ശമ്പളം നൽകിവരുന്നു. ദിവസവേതന വാച്ചർമാർക്ക് സാധാരണ മേഖലയിൽ (ഓർഡിനറി ഏരിയ) ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 290 രൂപ നിരക്കിലും പ്രയാസ മേഖലയിൽ (ഡിഫിക്കൽറ്റ് ഏരിയ) ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 334 രൂപ നിരക്കിലും അതാതുകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള വേരിയബിൾ ഡി.എ.യും ഉൾപ്പെടെ വേതനമായി നൽകിവരുന്നു.

(സി) സ്ഥിരം തസ്തികയിലെ വാച്ചർമാർക്ക് ശമ്പള കുടിശ്ശിക നൽകുവാൻ ഇല്ല. ദിവസവേതനത്തിൽ ജോലിചെയ്യുന്ന വാച്ചർമാർക്ക് ഏറ്റവും കൂടുതൽ 3 മാസം വരെയുള്ള വേതനമാണ് കുടിശ്ശികയായി നൽകുവാനുള്ളത്.

(ഡി) ഫണ്ടിന്റെയും ലെറ്റർ ഓഫ് ക്രഡിറ്റിന്റെയും അടിസ്ഥാനത്തിൽ എല്ലാ മാസവും വേതനം മുടക്കം കൂടാതെ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടയഭൂമിയിലെ മരം മുറിക്കുന്നതിനുള്ള അനുമതി

278 (3100) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം നീക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടയഭൂമികളിൽ വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്നത് തടയുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട (മാവ്, അമ്പഴം, പുളി, നെല്ലി, കടംപുളി, മട്ടി, മുരുക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി) മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ 15-3-1993-ലെ സ.ഉ.(എംഎസ്.)നമ്പർ 23/93/വനം നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിരുന്നു. ഇതിൽ പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി 19-5-1993-ലെ സ.ഉ. (എംഎസ്.)നമ്പർ 36/93/വനം നമ്പർ ഉത്തരവുപ്രകാരം നിർത്തലാക്കുകയും ചെയ്തിരുന്നു. എന്നാൽ 27-5-2015-ലെ സ.ഉ. (എംഎസ്.)

LIBRARY ARCHIVES Kerala Legislative Assembly